പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

## പോലീസ് ട്രെയിനിംഗ് ഫാക്കൽറ്റികളുടെ നിയമനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 138 — 25/04/2017-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തു പോലീസ് ട്രെയിനിംഗ് ഫാക്കൽറ്റികളുടെ നിയമന രീതിയെന്തെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി), | കേരള പോലീസ് അക്കാദമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ അടിസ്ഥാന പരിശീലനം, ഇൻ സർവ്വീസ് കോഴ്സുകൾ എന്നിവയുമായി ബന്ധപ്പെട്ട ഇൻഡോർ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കുന്നതിനായി പോലീസ് സേനയിലെ തന്നെ കഴിവും പരിചയവുമുള്ള ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത്. ഇവർക്കു പുറമേ ചില വിഷയങ്ങളിൽ വിദഗ്ധരായ പോലീസ് ഉദ്യോഗസ്ഥരുടെ അഭാവത്തിൽ പുറമേ നിന്നുള്ള ഫാക്കൽറ്റികളെ നിയമിക്കാറുണ്ട്. വിദ്യാഭ്യാസ യോഗ്യതയും മേഖലയിൽ ഇവർക്കുള്ള പ്രവൃത്തി പരിചയവും വിഷയങ്ങളിലുള്ള അവഗാഹവും കണക്കിലെടുത്താണ് പുറമേ നിന്നുള്ള ഫാക്കൽറ്റികളെ നിയമിക്കുന്നത്. ഫാക്കൽറ്റികൾക്ക് സ്ഥിരമായ നിയമനം നൽകാറില്ല. അക്കാദമിക് യോഗ്യതകളുടേയും പ്രവൃത്തി പരിചയത്തിന്റേയും അടിസ്ഥാനത്തിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് അവസരം നൽകിയതിനുശേഷം കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ലഭ്യമാകുന്ന feed back പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് തുടർന്ന് ക്ലാസ്സുകൾ എടുക്കുന്നതിനായി ചുമതലപ്പെടുത്തുന്നത്. |
| (ബി) | ഫാക്കൽറ്റികളുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, നിയമന കാലഘട്ടം എന്നിവ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| (സി) | ജനശ്രദ്ധ ഏറെ നേടിയിട്ടുള്ള കേസുകളിൽ പോലും ശാസ്ത്രീയമായി കുറ്റമറ്റ അന്വേഷണ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കുന്നതിൽ ഉണ്ടാകുന്ന പിഴവുമൂലം സാങ്കേതികത്വത്തിന്റെ പേരിൽ വളരെയധികം പണം ചെലവിട്ട് പിടിക്കപ്പെടുന്ന പ്രതികൾ രക്ഷപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | സാങ്കേതികത്വത്തിന്റെ പേരിൽ പ്രതികൾ രക്ഷപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പഴുതുകൾ അടച്ചുള്ള അന്വേഷണ റിപ്പോർട്ടാണ് സമർപ്പിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഈ പ്രശ്നം പരിഹരിക്കുന്നതിന് ക്രിമിനൽ/സിവിൽ കേസുകളിൽ 15 വർഷമെങ്കിലും നടത്തിപ്പ പരിചയം ഉള്ള അതീവ പ്രഗല്ഭരായ അഭിഭാഷകരുടെ സേവനം ഫാക്കൽറ്റി നിയമന മാന ദണ്ഡത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | പ്രഗല്ഭരായ അഭിഭാഷകരെ ഫാക്കൽറ്റിയായി ഉൾപ്പെടുത്തി അവരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ